(ബി) മുപ്പത്തിരണ്ടു പേർക്ക് പ്രത്യക്ഷമായും അറുപതോളം പേർക്ക് പരോക്ഷമായും ജോലി നൽകാൻ കഴിഞ്ഞു.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ഫർണിച്ചർ യൂണിറ്റിന്റെയും പനനാർ സംസ്കരണ കേന്ദ്രത്തിന്റേയും പനനാർ ബ്രഷ് യൂണിറ്റിന്റേയും ഉൽപ്പന്നങ്ങൾ ഉണ്ടാക്കി. അന്താരാഷ്ട്ര തലത്തിൽ വിപണനം നടത്തുന്നതിന് ഉദ്ദേശിക്കുന്നു.

ഹോസ്ദുർഗ് മണ്ഡലത്തിൽ പുതിയ വ്യവസായം

166 (2196) ശ്രീ. പള്ളിപ്രം ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹോസ്ദുർഗ് മണ്ഡലത്തിൽ പുതിയ വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) കിനാന്നൂർ-കരിന്തളം പഞ്ചായത്തിൽ റവന്യൂ വകുപ്പിന്റെ കൈവശമുള്ള 500 ഏക്കർ ഭൂമിയിൽ പുതിയ വ്യവസായം ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ അനുകൂല നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കിനാന്നൂർ-കരിന്തളം, മടികൈ, നീലേശ്വരം എന്നീ ഗ്രാമ പഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്ന ഏകദേശം 500 ഏക്കറോളം ഭൂമിയിൽ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ 500 ഏക്കർ ഭൂമി, പട്ടയമുള്ള സ്വകാര്യ ഭൂമിയും സർക്കാർവക ഭൂമിയും ഇടകലർന്ന് സ്ഥിതി ചെയ്യുന്നതാണ്. നീലേശ്വരം ഗ്രാമ പഞ്ചായത്തിൽപ്പെട്ട പേരോൽ വില്ലേജിൽ നിന്നും 189 ഏക്കറും, കിനാന്നൂർ-കരിന്തളം ഗ്രാമപഞ്ചായത്തിൽപ്പെട്ട കിനാന്നൂർ വില്ലേജിൽ നിന്നും 22.30 ഏക്കറും, മടികൈ ഗ്രാമപഞ്ചയത്തിൽപ്പെട്ട മടികൈ വില്ലേജിൽ നിന്നും 74.21 ഏക്കറും ഉൾപ്പെടെ 285.51 ഏക്കർ സ്വകാര്യ ഭൂമിയിൽ വീടുകളുള്ള ഭാഗം ഒഴിവാക്കി 250 ഏക്കർ ഭൂമി ലാന്റ് അക്വിസിഷൻ നിയമപ്രകാരം അക്വയർ ചെയ്യുന്നതിലേക്കുള്ള ഭരണാനുമതിക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതോടൊപ്പം അതിനോട് ചേർന്ന് ഇടകലർന്ന് വരുന്ന സർക്കാർ ഭൂമി കിൻഫ്രയുടെ പേരിൽ പതിച്ചു കിട്ടുന്നതിന് റവന്യൂ വകുപ്പിനോട് അപേക്ഷിക്കുന്നതും ഇരുഭൂമികളും ലഭ്യമാക്കുന്ന മുറയ്ക്ക് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly